**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4572** **13-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് കോച്ചിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്‍കുമാർ ജോസഫ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി സിവിൽ സർവീസ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷാപരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിച്ചു വരുന്നു.<br><br>മുൻപ് ICSETS എന്ന സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് നേരിട്ടാണ് പരിശീലനം നൽകിയിരുന്നതെങ്കിലും നിലവിൽ സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷന്റെ കീഴിൽ കേരള സിവിൽ സർവീസ് അക്കാദമിയുടെ സംസ്ഥാനത്തെ വിവിധ സെന്ററുകളിലാണ് സിവിൽ സർവീസ് പരിശീലനം നൽകുന്നത്. പരിശീലനം നേടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ICSETS മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുകയാണ് ചെയ്യുന്നത്.<br><br>കൂടാതെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം 30 പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യാർത്ഥം തെരഞ്ഞെടുക്കുന്ന പ്രശസ്തമായ പരിശീലന സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനത്തിന് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരഞ്ഞെടുക്കപ്പെടുന്ന 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവർക്ക് താൽപര്യമുള്ള രാജ്യത്തെ പ്രശസ്തമായ പരിശീലന സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനത്തിന് സ്കോളർഷിപ്പ് |

| | | | |
|---|---|---|---|
| | | | നൽകി വരുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത സെന്ററുകളിലേക്കുള്ള അപേക്ഷാ രീതിയും അഡ്മിഷന്റെ മാനദണ്ഡവും വ്യക്തമാക്കുമോ; | (ബി) | കേരള സിവിൽ സർവീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരിശീലനത്തിനായി അക്കാദമി വിദ്യാർത്ഥികളെ നേരിട്ടാണ് തിരഞ്ഞെടുക്കുന്നത്.<br><br>ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്ക് പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയ്ക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ്. അതാതുവർഷം ഏപ്രിൽ, മെയ് മാസങ്ങളിലാണ് അപേക്ഷ ക്ഷണിക്കുന്നത്. ഐ.സി.എസ്.ഇ.റ്റി.എസ്-ന്റെ വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 20-36 വയസ്സാണ് പ്രായപരിധി. അംഗീകൃത സർവ്വകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സിവിൽ സർവ്വീസ് പരിശീലന പദ്ധതിയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വകുപ്പ് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത കോച്ചിംഗ് സെന്ററുകളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. കോച്ചിംഗ് സെന്ററുകളുടെ കാര്യക്ഷമതാ വകുപ്പ് യഥാസമയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ